പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 268</u> <u>25/04/2017-ൽ മറുപടിക്ക്</u>

## ലാബുകളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **കെ. കെ. രാമചന്ദ്രൻ നായർ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് സ്വകാര്യ ലാബുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ സർക്കാർ തലത്തിൽ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; | എ) യും ബി) യും സി) യും ഡി) യും | സംസ്ഥാനത്ത് സ്വകാര്യ ലാബുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ നിലവിൽ സംവിധാനം ഇല്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | പരിശോധനയ്ക്ക് സാമ്പിളുകൾ ഒരേ സമയം പല ലാബുകളിൽ നൽകുന്നതിന്റെ ഫലം പലതരത്തിലുള്ളതാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | |
| സി) | വ്യത്യസ്ഥ തരത്തിലുള്ള ഫലങ്ങൾ ഉണ്ടാകുന്നതിന്റെ കാരണം സർക്കാർ അന്വേഷിച്ചിട്ടുണ്ടോ; | | |
| ഡി) | ലാബുകളിൽ ഉപയോഗിക്കുന്ന രാസ-പദാർത്ഥങ്ങളുടെ ഗുണനിലവാരം, അളവ്, ജോലി ചെയ്യുന്ന ജീവനക്കാരുടെ യോഗ്യത എന്നിവയ്ക്ക് സർക്കാർ മാനദണ്ഡം ഏർപ്പെടുത്തുമോ ? | | |

സെക്ഷൻ ഓഫീസർ